(17) റെയിൽവേ ഗേറ്റും എസ്കലേറ്ററും സ്ഥാപിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് മുനിസിപ്പൽ ബസ് സ്റ്റാൻഡിന്റെയും ടൗൺ ബസ് സ്റ്റാൻഡിന്റെയും ഇടയ്ക്കാണ് ശകുന്തള റെയിൽവേ ഗേറ്റ് വരുന്നത്. അവിടെ ഇപ്പോൾ പുതിയ മേൽപ്പാലം അനുവദിച്ചതോടുകൂടി ആ റെയിൽവേ ഗേറ്റ് എന്നത്തേയ്ക്കുമായി അടച്ചിട്ടിരിക്കുകയാണ്. ഒരു വശത്ത് ടൗൺ ബസ് സ്റ്റാൻഡ് രണ്ട് സൈഡായി ബൈ സെക്കൂഡാണ്. ഏതാണ്ട് 500 മീറ്റർ മാറിയാണ് പുതുതായി നിർമ്മിച്ച പാലം വന്നിട്ടുള്ളത്. ഒരു കാൽനടയാത്രക്കാരന്, പ്രായമേറിയ ഒരാൾക്ക് ഈ റോഡിന്റെ മറുഭാഗത്ത് വരണമെങ്കിൽ ഏതാണ്ട് രണ്ട് കിലോമീറ്ററോളം യാത്രചെയ്യേണ്ട അവസ്ഥയാണുള്ളത്. റെയിൽവേ ഗേറ്റിനായി രണ്ടരക്കോടി രൂപ സംസ്ഥാന സർക്കാർ കെട്ടിവച്ചാൽ 30 വർഷത്തേയ്ക്ക് ഓപ്പറേറ്റ് ചെയ്യാൻ തയ്യാറാണെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട എം. പി. ശ്രീ. എം. ബി. രാജേഷ് വിളിച്ചുചേർത്ത യോഗത്തിൽ റെയിൽവെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നപ്പോൾ രണ്ടരക്കോടി രൂപ കെട്ടിവയ്ക്കാമെന്ന് പറയുകയുമുണ്ടായി. ആ രൂപ കെട്ടിവയ്ക്കാമെന്ന് അറിയിച്ചിട്ടും പെർമിഷനുവേണ്ടി റെയിൽവേയിൽ അടിയന്തരമായി കത്തയയ്ക്കണമെന്ന് അവിടത്തെ വ്യാപാരി വ്യവസായ ഏകോപന സമിതി അംഗങ്ങളും പൊതുജനങ്ങളും എല്ലാവരും ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനമുണ്ടാകണം. അവിടെയുള്ള ഫൂട്ട് ഓവർ ബ്രിഡ്ജിൽ പ്രായമായവർക്കൊക്കെ കയറിയിറങ്ങാൻ പ്രയാസമാണ്. താൽക്കാലികമായി ഒരു എസ്കലേറ്റർ സംവിധാനം അവിടെ ഏർപ്പെടുത്തുന്നതിനും പുതിയ റെയിൽവേ ഗേറ്റിന് പെർമിഷൻ ലഭിച്ചിട്ടില്ലെങ്കിൽ അതിന് മറ്റെന്തെങ്കിലും ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനും ഇതുസംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കാനും സർക്കാർ തയ്യാറാകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് ടൗണിലെ ശകുന്തള ജംഗ്ഷനിൽ റെയിൽവേ ഗേറ്റിനുപകരമായി ആർ.ഒ.ബി. നിർമ്മിച്ച് 2014 ജൂണിൽ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. റെയിൽവേ ഗേറ്റിൽനിന്നും 542 മീറ്റർ അകലെയാണ് ആർ.ഒ.ബി. നിർമ്മിച്ചിട്ടുള്ളത്. അതുകാരണം കാൽനട യാത്രക്കാർ ഏകദേശം രണ്ടുകിലോമീറ്റർ കൂടുതൽ സഞ്ചരിച്ചാൽ മാത്രമേ മറുഭാഗത്ത് എത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. രണ്ടരക്കോടി രൂപ ഇതിന് ചെലവ് വരുമെന്നും റെയിൽവേ അധികൃതർ അറിയിച്ചിരുന്നു. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട എം. പി. ശ്രീ. എം. ബി. രാജേഷും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ ഒരുപിടി നിർദ്ദേശങ്ങൾ വയ്ക്കുകയും ഫൂട്ട് ഓവർ ബ്രിഡ്ജിന് എസ്കലേറ്റർ നിർമ്മിക്കാനും റെയിൽവേയുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കാനും ആർ.ബി.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റെയിൽവേയിൽനിന്നും അനുകൂല മറുപടി ലഭിച്ചില്ലെങ്കിൽ മറ്റ് പരിഹാരമാർഗ്ഗങ്ങൾ എന്താണെന്ന് ആലോചിക്കാൻ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കൺസൽട്ടൻസിയെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(18) ഗ്രാമീണ റോഡുകളുടെ കരാർ

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, കാലാവസ്ഥാവ്യതിയാനംമൂലം നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം റോഡുകളും പൊട്ടിപ്പൊളിഞ്ഞും ഗതാഗത യോഗ്യമല്ലാതായും തീർന്നിരിക്കുകയാണ്. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

തുടർച്ചയായ മഴകാരണം റോഡിൽ വെള്ളംകെട്ടി കിടക്കുന്നതുമൂലവും റോഡ് നിർമ്മാണത്തിലെ അപാകതമൂലവും വളരെയേറെ റോഡുകൾ ഗതാഗത യോഗ്യമല്ലാതായി മാറിയിരിക്കുന്നു. ഇന്ന് കാണുന്ന ചെറിയ കുഴികൾ നാളെ വലിയ കുഴികളായി മാറുന്നുണ്ട്. ഗതാഗത ബാഹുല്യവും 40 മുതൽ 50 വരെ ടൺ ഭാരംകയറ്റിയ വാഹനങ്ങൾ കടന്നുപോകുന്നതുമൂലവും റോഡുകൾ പെട്ടെന്ന് പൊട്ടി നശിക്കുന്നു. പാറശ്ശാല നിയോജക മണ്ഡലത്തിലെ വാഴിച്ചൽ-അമ്പൂരി റോഡ്, ചൂളിയൂർ-ചടച്ചി-മാർത്താണ്ഡംറോഡ്, മണ്ഡപത്തിൻകടവ്-വാഴിച്ചൽ റോഡ്, ആറാട്ടുകുഴി-അമ്പൂരി റോഡ്, മണ്ഡപത്തിൻകടവ്-മുകുന്ദറ റോഡ്, മൈലച്ചൽ-കോരണംകോട് റോഡ്, അമരവിള-ഒറ്റശേഖരമംഗലം റോഡ്, അരുവിപ്പുറം-മാരായമുട്ടം റോഡ്, മുതിയാവിള-ഒറ്റശേഖരമംഗലം റോഡ് എന്നീ റോഡുകൾ തികച്ചും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. അതുവഴി പോകുന്ന ബസ് സർവ്വീസ് നിർത്തിവച്ചിരിക്കുകയുമാണ്. അടിയന്തരമായി ഷെല്ലാക്ക് ഉപയോഗിച്ച് ചെറിയ കുഴികൾ അടക്കുന്നതിനും ചെറിയ റിപ്പയറുകൾക്ക് imprest account-ൽനിന്നും പണം അനുവദിച്ചും ബി.എം.ആന്റ് ബി.സി. ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly